## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 20.09.2025 മുതൽ 24.09.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 38/2025 (75) വെള്ളിയാഴ്ച | തീയ്യതി 19/09/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 20.09.2025 | 21.09.2025 | 22.09.2025 | 23.09.2025 | 24.09.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.5 | 0.1 | 0.1 | 1 | 1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 3 | 6 | 8 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 230 | 230 | 230 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 7 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) പാലുറക്കുന്ന പരുവം | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക(ട്രൈക്കോഗ്രമ്മ മുട്ടകാർഡ് ഏക്കറിന് 2 കാർഡ് 20 കഷ്ണം, 5 സെൻറ്റിനു 1 കഷ്ണം). ശലഭത്തെ നെല്ച്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൽ 0.4 G ഒരു ഏക്കറിന് 4 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| തെങ്ങ് | കടചീയൽ | തെങ്ങിൽ വരാൻ സാധ്യതയുള്ള കടചീയൽ രോഗത്തിന് മുൻകരുതലായി 50 ഗ്രാം ട്രൈക്കോഡെർമ തെങ്ങൊന്നിന് എന്ന കണക്കിൽ ജൈവ വളവുമായി ചേർത്ത് ചുവട്ടിൽ ഇട്ടുകൊടുക്കുക. |
| മാവ് | കൊമ്പുണക്കം | മഴ മാറുന്ന സമയങ്ങളിൽ മാവിൽ കൊമ്പുണക്കം ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ ലക്ഷണം കാണുന്ന മാവുകളിൽ കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |

മൃഗസംരക്ഷണം-: മഴക്കാലമായതിനാൽ കന്നുകാലികളിൽ ശ്വാസകോശ സംബന്ധമായ അണുബാധ ഉണ്ടാകാനിടയുള്ള സമയമാണിത്. നേരത്തേ തന്നെ ലക്ഷണങ്ങൾ തിരിച്ചറിയുകയും അതനുസരിച്ചുള്ള ചികിത്സ നേടേണ്ടതുമാണ്.